**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - സർക്കാർ അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ 8,9 ക്ളാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2014-2015 അധ്യയന വർഷത്തിൽ അതാത് സ്കൂളുകളിൽ വാർഷിക പരീക്ഷ നടത്തി വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

ജി.ഒ. (ആർ.റ്റി) നം.1292/2015/പൊ.വി.വ. തീയതി, തിരുവനന്തപുരം,30/03/2015

===

പരാമർശം : 1. 24/10/2014 ലെ 54413/ജി1/14/പൊ.വി.വ നമ്പർ സർക്കുലർ.

2.വിവിധ സ്കൂൾ അധികാരികൾ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, തുടങ്ങിയവർ സമർപ്പിച്ച നിവേദനം.

ഉത്തരവ്

വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ, ബാലാവകാശകമ്മീഷന്റെ നിർദ്ദേശങ്ങൾ ഇവ കണക്കിലെടുത്ത് 8)ാം ക്ളാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ സ്കൂൾ പ്രവേശനം നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചു കൊണ്ട് പരാമർശം (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കാർ അംഗികാരമില്ലാതെ പ്രവർത്തിയ്ക്കുന്ന സ്കൂളുകളിൽ 8, 9 ക്ളാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനം സാധ്യമാക്കുന്നതിനായി സർക്കാർ അംഗികൃത സ്കൂളുകളിൽ പ്രവേശനം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് സംബന്ധിച്ച അനുകൂല ഉത്തരവുണ്ടാകണമെന്നഭ്യർത്ഥിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 8)ാം ക്ളാസ്സ് വരെയുള്ള സ്കൂൾ പ്രവേശനത്തിന് പരാമർശം ഒന്നിലെ സർക്കുലറിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം, വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് അവരുടെ തുടർ പഠനം ഉറപ്പാക്കുന്നതിലേയ്ക്കായി താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളിലെ 8, 9 ക്ളാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 2014-15 അധ്യയന വർഷത്തെ വാർഷിക പരീക്ഷ അതാത് സ്കൂളുകളിൽ തന്നെ നടത്തുന്നതിനും വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിനും അനുമതി നല്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഇപ്രകാരം അനുമതി നൽകുന്നത്കൊണ്ട് സ്കൂളിന്റെ അംഗീകാരത്തിനുള്ള അപേക്ഷ പരിഗണിക്കുന്ന കാര്യത്തിൽ യാതൊരു മുൻഗണനയും ഉണ്ടായിരിക്കുന്നതല്ല.

(ii) ഇത് ഒരു കീഴ്വഴക്കം (Precedent) ആയി കണക്കാക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി. വിജയൻ

ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.

ഡെപ്യൂട്ടി ഡയറക്ടർ, ( തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം,
തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്,പാലക്കാട്, ഇടുക്കി, വയനാട്, കണ്ണൂർ, കാസറഗോഡ്.
ആവശ്യമായ തുടർ നടപടികൾക്കായി).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്. (വ്യാപക പ്രചരണത്തിനായി).
ഐ.റ്റി.@ സ്കൂൾ (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സെറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreedevi

സെക്ഷൻ ഓഫീസർ